(ബി) സാമൂഹ്യ സുരക്ഷാ മിഷനിൽ ഇപ്പോൾ ചുമതല നിർവ്വഹിക്കുന്ന ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| 1. ക്യാൻസർ സുരക്ഷാ പദ്ധതി | 3,80,13,803 |
| 2. ഹംഗർഫ്രീ സിറ്റി സ്കീം | 65,00,000 |
| 3. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം | 5,00,00,000 |
| 4. ക്ഷേമസ്ഥാപനങ്ങളിൽ കെയർ ഗിവേഴ്സിനെ നൽകുന്ന പദ്ധതി | 4,86,000 |
| 5. താലോലം പദ്ധതി | 30,19,049 |
| 6. ആശ്വാസകിരണം പദ്ധതി | 3,08,835 |
| 7. സ്നേഹസ്പർശം | 2,29,500 |
| 8. അന്നദായിനി | 3,58,248 |
| 9. വൈകല്യ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും വിതരണം | 1,86,19,050 |
| 10. ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള പദ്ധതി | 7,09,704 |

**ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം**

**45 (6197)** ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം (എൻ. ആർ. എച്ച്. എം.) എന്ന പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് ഗ്രാന്റിനത്തിൽ സംസ്ഥാനത്തിന് ഏതെങ്കിലും തുക നഷ്ടമായിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) എൻ. ആർ. എച്ച്. എം.വഴി നിയമിക്കപ്പെട്ടവരുടെ നിയമനരീതി എന്താണെന്നും ഇതിൽ എത്ര പേർ സർവ്വീസിൽ തുടരുന്നുണ്ടെന്നും എത്ര പേരെ പിരിച്ചയച്ചുവെന്നും ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള പേരുവിവരങ്ങൾ വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2012-ൽ പൂർത്തിയാകേണ്ടതാണ്.

(ബി) നഷ്ടമായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ.ആർ.എച്ച്.എം. വഴി നിയമിക്കപ്പെട്ടവരുടെ നിയമനരീതിയും സർവ്വീസിൽ തുടരുന്നവരുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.* പിരിച്ചുവിട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്ത ബാങ്ക്**

**46 (6198)** ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മോഡൽ ബ്ലഡ് ബാങ്കായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്ത ബാങ്കിൽ എത്ര ഡോക്ടർമാരുടെ സേവനം നിലവിൽ ഉണ്ട് ; ഇവരുടെ ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത് എപ്രകാരമെന്ന് വിശദമാക്കുമോ ;

(ബി) എച്ച്1 എൻ1 ഡെങ്കി തുടങ്ങിയ പകർച്ച വ്യാധികൾ പടരുന്ന ഈ അവസരത്തിൽ രക്തത്തിന്റെയും രക്ത ഘടകങ്ങളുടേയും ആവശ്യം വളരെയേറെയുള്ള സന്ദർഭമായിട്ടുപോലും പ്രസ്തുത ഡോക്ടർമാരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 24 മണിക്കൂറും പ്രവർത്തിക്കേണ്ട രക്ത ബാങ്കിൽ ഏതൊക്കെ സമയങ്ങളിലും ദിവസങ്ങളിലുമാണ് രക്തം ശേഖരിക്കുന്നത് ; ഞായറാഴ്ചകളിൽ രക്തം ശേഖരിക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ; ഇവിടെ ഞായറാഴ്ചകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണോ ;

(ഡി) പ്രസ്തുത രക്ത ബാങ്കിലെ ഡോക്ടർമാരിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) മോഡൽ ബ്ലഡ് ബാങ്കായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിൽ അഞ്ച് മെഡിക്കൽ ഓഫീസർമാരുടെ സേവനം നിലവിലുണ്ട്. ഇതുകൂടാതെ 5 റസിഡന്റ് ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. രോഗികൾക്ക് 24 മണിക്കൂറും സേവനം ലഭ്യമാകത്തക്ക വിധം ഡോക്ടർമാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് രക്തബാങ്കിൽ ഡോക്ടർമാരുടേയും ടെക്നീഷ്യന്മാരുടേയും സേവനം 24 മണിക്കൂറും ലഭ്യമാണ്.

(സി) 24 മണിക്കൂറും പ്രവർത്തിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്തബാങ്കിൽ എല്ലാ ദിവസവും രാവിലെ 8 മണിമുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly